കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്

2016-17

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail: dokkd.ksad@kerala.gov.in

നം.കെ എസ് എ.കെ.കെ.ഡി.പി.3/1562/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

ഇ-മെയിൽ – dokkd.ksad@kerala.gov.in

തീയതി.15.08.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ(ACR പ്രകാരം) പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.(ACR പ്രകാരം)

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നം.കെ എസ് എ.കെ.കെ.ഡി.പി.3/1562/2017 തിയ്യതി.15.08.2017

**കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.11.2016 മുതൽ 11.07.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിനും മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. രാജൻ. സി<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.07.17മുതൽ 20.07.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ഷൈന എ കെ | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഉണ്ണികൃഷ്ണൻ. പി | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. അനൂപ്. കെ വി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. സി ടി. സി. അബ്ദുള്ള | 01.04.2016 – 31.03.2017 |
| സെക്രട്ടറി | ശ്രീ. പി. പി. രാജൻ | 01.04.2016 – 31.03.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥർ: | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി. സെക്രട്ടറി | ശ്രീ. ശ്രീനിവാസൻ. പി | 01.04.2016 – 03.09.2016 |
| | ശ്രീ. ഷമിൽ. ഇ | 03.09.2016- 31.3.2017 |
| മെഡിക്കൽ ഓഫീസർ<br>(അലോപ്പതി) | ഡോ. നൗഷാദ്. യു പി | 01.04.2016 – 31.03.2017 |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. എൻ. സുകു | 01.04.2016 – 31.03.2017 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. പി കെ ഷാഹിന | 01.04.2016 – 31.03.2017 |
| വെറ്ററിനറി സർജൻ | ഡോ. വി. ഗണേഷ് | 01.04.2016 – 31.03.2017 |
| കൃഷി ഓഫീസർ | ശ്രീ. സാജിദ് അഹമ്മദ് | 01.04.2016 – 10.04.2016 |
| | ശ്രീമതി. ടി ഡി മീന | 11.04.2016 – 06.01.2017 |
| | ശ്രീമതി. സി.വി. ശുഭ | 07.01.2017 – 01.02.2017 |
| | ശ്രീമതി. സബീന. എം എം | 01.02.2017 – 31.03.2017 |
| അസി. എഞ്ചിനീയർ | ശ്രീമതി. എൽസമ്മ ജേക്കബ് | 01.04.2016 – 19.05.2016 |
| | ശ്രീ. ശ്രീജിത്ത്. പി | 09.09.2016 – 31.03.2017 |
| വി ഇ ഒ | ശ്രീ. മുഹമ്മദ് സാഹിർ | 01.04.2016 – 24.12.2016 |
| | ശ്രീമതി. ബിജി പി എസ് | 24.12.2016 – 31.03.2017 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. റോജ പി | 01.04.2016 – 31.03.2017 |
| ഹെഡ്മാസ്റ്റർ (ജി യു പി സ്കൂൾ, തോട്ടുമുക്കം) | ശ്രീ. അബ്ദുൾ അസീസ് | 01.04.2016 – 31.03.2017 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1പൊതുഅവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 1 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 2-1 |
| 2 | പുതിയ കെട്ടിടത്തിന് വസ്തു നികുതി ചട്ടപ്രകാരം കണക്കാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് ധനനഷ്ടം | 2-2 |
| 3 | തൊഴിൽ നികുതി – അപാകതകൾ – സംബന്ധിച്ച് | 2-3 |
| 4 | പഞ്ചായത്ത് ഗ്രൗണ്ട്/ സ്റ്റേഡിയം വാടകയ്ക്ക് നൽകൽ – അപാകതകൾ | 2-4 |
| 5 | വസ്തുനികുതി കുടിശ്ശിക കാലഹരണപ്പെടുന്നു. | 2-5 |
| 6 | മത്സ്യമാർക്കറ്റ് – അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താത്തത് – സംബന്ധിച്ച് | 2-6 |
| | ഭാഗം 3 ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 1 | കാർഷിക പ്രൊജക്ടുകൾ സമഗ്രമായി നടപ്പാക്കുന്നില്ല | 3-1 |
| 2 | തുടി ഗ്രാമീണ കലാകേന്ദ്രത്തിലേയ്ക്ക് ചമയ സാധനങ്ങൾ വാങ്ങൽ പദ്ധതി – മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ ചെലവ് | 3-2 |
| 3 | ഐ.കെ.എം. ഇടപെടൽ ഇല്ലാതെ കെൽട്രോണിൽ നിന്ന് സെർവർ വാങ്ങി, എ.എം.സി നൽകി – സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 3-3 |
| 4 | ആശ്രയ ഗുണഭോക്താക്കൾക്ക് ഭവനപദ്ധതികൾ നടപ്പാക്കുന്നില്ല. | 3-4 |
| 5 | ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ പദ്ധതി – മരുന്നുകൾ ലഭ്യമായില്ല. | 3-5 |
| 6 | അഡ്വാൻസ് തുകകൾ തിരികെ ഈടാക്കിയില്ല. | 3-6 |
| 7 | പാലിയേറ്റീവ് പരിചരണം – കെ.എം.സി.എല്ലിൽ നിന്ന് യഥാസമയം മരുന്ന് ലഭ്യമാവുന്നില്ല. | 3-7 |

| | | |
|---|---|---|
| 8 | മൃഗാശുപത്രിയ്ക്ക് ചുറ്റുമതിൽ നിർമ്മാണം ജില്ലാ പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ചില്ല. | 3-8 |
| 9 | വാട്ടർ ചാർജ്ജ് ബില്ലിലെ കുടിശ്ശിക തുക വ്യക്തത വരുത്തുന്നത് സംബന്ധിച്ച് | 3-9 |
| 10 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയില്ല. | 3-10 |
| 11 | ഫണ്ട് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 3-11 |
| 12 | പാലിന് സബ്സിഡി നൽകൽ പദ്ധതി – സബ്സിഡി തുക ക്ഷീര കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നത് സംബന്ധിച്ച് | 3-12 |
| | ഭാഗം 4പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 26.03.2016 തിയതിയിലെ 267/14 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 10.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | ഓഡിറ്റിന്റെ അനുബന്ധം ആയി ചേർത്തിട്ടുണ്ട്. | അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 6592630

വരവ് - 39232933

ആകെ - 45825563

ചെലവ് - 35841788

നീക്കിയിരിപ്പ്- 9983775

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (ACR പ്രകാരം) | തൻവർഷ വരവ് (വാർഷിക കണക്ക് പ്രകാരം) | ആകെ വരവ് (ACR പ്രകാരം) | ആകെ വരവ് (വാർഷിക കണക്ക് പ്രകാരം) | ചെലവ് | നീക്കി യിരിപ്പ് (ACR പ്രകാരം) | നീക്കി യിരിപ്പ് (വാർഷിക കണക്ക് പ്രകാരം) | ചെലവ് ശതമാനം (ACR പ്രകാരം) |
|---|---|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10051871 | 7609417 | 10051871 | 7609417 | 7609417 | 2442454 | 0 | 75.75% |
| വികസനഫണ്ട് എസ്.സി.പി. | 0 | 4099227 | 1882240 | 4099227 | 1882240 | 1882240 | 2216987 | 0 | 45.91% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 69474 | 69474 | 69474 | 69474 | 0 | 69474 | 0 | 0% |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5040132 | 2492214 | 5040132 | 2492214 | 2492214 | 2547918 | 0 | 84.66% |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2943474 | 1243978 | 2943474 | 1243978 | 1243978 | 1699496 | 0 | 42.26% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5637437 | 2912000 | 5637437 | 2912000 | 2912000 | 2725437 | 0 | 51.65% |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2952103 | 1594809 | 2952103 | 1594809 | 1594809 | 1357294 | 0 | 54.02% |
| എം.എൻ.ആർ. ഇ.ജി.എസ്. | 989 | 9042736 | 9042736 | 9043725 | 9043725 | 8869441 | 174284 | 174284 | 98.07% |
| ബി ഫണ്ട് | 0 | 34168245 | 34168245 | 34168245 | 34168245 | 34168245 | 0 | 0 | 100% |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 158 | 44093515 | 59 | 21545355 | 72 | 27 | 37.34% |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം ശതമാനം കുറവ്/വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2550444 | 5749483 | +3199039 | +44% |
| നികുതിയേതര വരവുകൾ | 816810 | 992322 | +175512 | +86% |
| മറ്റുവരവുകൾ | 118591 | 0 | | |
| ആകെ | 3485845 | 6741805 | +3255960 | +51.17% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 156360 | 92 |
| കർഷകതൊഴിലാളി പെൻഷൻ | 6663990 | 668 |
| വിധവാപെൻഷൻ | 10347010 | 916 |
| വാർദ്ധക്യകാലപെൻഷൻ | 13181565 | 1229 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 3166140 | 266 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 367180 | 37 |
| വിവാഹധനസഹായം | 270000 | 9 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.07.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5451/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.06.2017 – 16.02.2011 | 04/17 – 05/17 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.02.2011 - | 2005-06 മുതൽ 2009-10 | (എൽ ബി എ)/2009-10 തിയ്യതി. 29.06.2010 |

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2016- 17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) വസ്തുനികുതി വരവ് സംബന്ധിച്ച് കൃത്യമായ കണക്ക് പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല. സാംഖ്യ , സഞ്ചയ സോഫ്റ്റ് വെയറുകളിൽ വ്യത്യസ്ഥമായ കണക്കുകളാണ് ഹാജരാക്കിയിട്ടുള്ളത്.

| വസ്തുനികുതി വരവ് | സാംഖ്യ പ്രകാരം | സഞ്ചയ പ്രകാരം | വ്യത്യാസം |
|---|---|---|---|
| ഡിമാന്റ് തൻവർഷം | 4376175 | 3006409 | 1369766 കുറവ് |
| കലക്ഷൻതൻവർഷം | 2600249 | 2551807 | 48442 കുറവ് |
| നീക്കിയിരിപ്പ്തൻവർഷം | 1775926 | 329150 | 1446776 കുറവ് |
| ഡിമാന്റ് അരിയർ | 2883845 | 2449843 | 434002 കുറവ് |
| കലക്ഷൻ അരിയർ | 1818446 | 1810346 | 8100 കുറവ് |
| നീക്കിയിരിപ്പ് | 1879378 | 729122 | 1150256 കുറവ് |

സഞ്ചയ പ്രകാരമുള്ള കണക്കുകളിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല. സാംഖ്യ പ്രകാരമുള്ള കുടിശ്ശിക കണക്കുകളും പൊരുത്തപ്പെടുന്നില്ല.

2) എസ്.ബി.ടി ഇ-പെയ്മെന്റ് എന്ന് അക്കൗണ്ടിൽ 4519 രൂപ ബാങ്ക് ബുക്ക് പ്രകാരംനീക്കിയിരിപ്പുണ്ട്. എസ്.ബി.ടി ഇ-പെയ്മെന്റ് എന്ന് അക്കൗണ്ടിൽ സഞ്ചയയിൽ വരവ് കാണിക്കുന്ന തുകകൾ വളരെ വൈകിയാണ് പാസ് ബുക്കിൽ ക്രെഡിറ്റ് ആകുന്നത്.

3) പഞ്ചായത്തിലെ മുഴുവൻ ആസ്തികളും വാർഷിക ധനകാര്യ പത്രി കയിൽ ചേർത്തിട്ടില്ല. സാംഖ്യാധിഷ്ഠിത സമ്പ്രദായത്തിലേയ്ക്ക് മാറുന്ന തീയതി വരെ സൃഷ്ടിച്ച ആസ്തികളുടെ മൂല്യം ബാലൻസിലുൾപ്പെടുത്തിയിട്ടില്ല.

4) അസിസ്റ്റന്റ് എൻജിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ് , നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആദായനികുതി എന്നിവ വാർഷിക ധനകാര്യപത്രികയിൽ ചേർത്തിട്ടില്ല. അതിനാൽ ഈ പത്രിക ശരിയായ രീതിയിൽ പഞ്ചായത്തിന്റെ കണക്കുകൾ പ്രതിഫലിക്കുന്നില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്

## 2-2 പുതിയ കെട്ടിടത്തിന് വസ്തു നികുതി ചട്ടപ്രകാരം കണക്കാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് ധനനഷ്ടം

ഗ്രാമപഞ്ചായത്തിൽ പുതിയ കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിക്കുമ്പോൾ സ. ഉ (അ)നമ്പർ 20/2011 തസ്വഭവ. തി. 14.1.2011 പ്രകാരമുള്ള കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരവും, സ. ഉ (പി) നം 88/2013 തസ്വഭവ തി. 14.3.2013 പ്രകാരവും ഉള്ള വ്യവസ്ഥകൾ പാലിച്ചായിരിക്കണം വസ്തുനികുതി നിർണ്ണയിക്കേണ്ടത്.

ഇതിലെ പ്രധാന വ്യവസ്ഥകൾ താഴെ ചേർക്കുന്നു.

1) മേൽപ്പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 6 ൽ മേഖല തിരിച്ചുള്ള അടിസ്ഥാന വസ്തുനികുതിയിൻമേൽ വരുത്തേണ്ട ഇളവുകളും വർദ്ധനവുകളും വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരം 3 മേഖലകളാക്കി പഞ്ചായത്തിനെ തിരിക്കണം. പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ . മുക്കം അരീക്കോട് സ്റ്റേറ്റ് ഹൈവേയുടെ ഇരു ഭാഗത്തും 100 മീ. ചുറ്റളവിൽ ഉള്ള പ്രദേശം മാത്രമേ പ്രാഥമിക മേഖലയിൽ ഉൾപ്പെടുന്നുള്ളു. ദ്വിതീയ മേഖലയിൽ കൊടിയത്തൂർ- ചെറുവാടി- നായിപ്പറ്റ- പന്നിക്കോട്- കാരക്കുറ്റി വഴി കൊടിയത്തൂർ എത്തുന്ന ജില്ലാ പഞ്ചായത്ത് റോഡിന്റെ ഇരുവശങ്ങളിലും 100 മീ ചുറ്റളവിൽ ഉള്ള പ്രദേശമാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ബാക്കി എല്ലാ പ്രദേശങ്ങളും തൃതീയ മേഖലയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

2) ചട്ടം 6 പട്ടിക 6 ൽ (ഭേദഗതി ഉൾപ്പടെ ) - തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി അളവ് / വർദ്ധന

i) മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്, അഥവാ മറ്റേതെങ്കിലും വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ച 250 ച മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള തറയുള്ള കെട്ടിടത്തിന് 15 % വർദ്ധനവ് ഈടാക്കേണ്ടതാണ്.

3) ചട്ടം 6 പട്ടിക 8 ൽ (ഭേദഗതി ഉൾപ്പടെ ) -

i) സെൻട്രലൈസ്ഡ് എയർ കണ്ടീഷൻ സൗകര്യമുള്ള കെട്ടിടത്തിന് 10 % വർദ്ധനവ് ഈടാക്കേണ്ടതാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ തയ്യാറാക്കുന്ന സ്പെസിഫിക്കേഷൻ റിപ്പോർട്ടിൽ ഇത്തരം കാര്യങ്ങൾ രേഖപ്പെടുത്താനുള്ള കോളങ്ങൾ ഇല്ലാത്തതിനാൽ കെട്ടിടത്തിന്റെ ഉടമസ്ഥർ / എൻജിനിയർ ഈ കോളങ്ങളിലെ വിവരങ്ങൾ രേഖപ്പെടുത്താതിരിക്കുകയും, തൻമൂലം പഞ്ചായത്തിന് ധനനഷ്ടം ഉണ്ടാകുകയും ചെയ്യുന്നു. വിശദാംശം ചുവടെ :-

| ക്രമ നം | ബിൽഡിംഗ് പെർമിറ്റ് നം. | പേര് വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | നിജപ്പെടുത്തിയ നികുതി | അടിസ്ഥാനമാക്കിയത് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 124/16-17 | നദീർ കണ്ണഞ്ചേരി, കൊടിയത്തൂർ | 371.01 ച. മീ വീട് | 1001. 73 രൂപ | (371.01x3)- 10% ded. ദ്വി. മേഖല |
| 2 | 125/16-17 | മുഹമ്മദ് & നഫീസ പാറക്കൽ, ചെറുവാടി | 268.30 ച. മീ വീട് | 644 + LC 33 | (268.30x3)- 20% ത്രി. മേ |
| 3 | 105/15-16 | മൻസൂർ അലി കാഞ്ഞിരക്കുഴിയിൽ ചെറുവാടി | 268.23 ച. മീ വീട് | 725+ LC 37 | (268.23x3)- 10% ded. ദ്വി മേഖല |
| 4 | 177/13-14 | മുഹമ്മദ്, കട്ടയാട്ട് തേലീരി | 261.0 ച .മീ വീട് | 627 + LC 32 | (261x3)- 20% ത്രി. മേ |
| 5 | 177/15-16 | അബ്ദുന്നാസർ ഹസീന യാക്കിപ്പറമ്പൻ, തോട്ടുമുക്കം. | 255.6 ച. മീ വീട് | 614 + LC 32 | (255.6x3)- 20% ത്രി. മേ |
| 6 | 72/16-17 | ജിനീഷ് പരവരയിൽ പന്നിക്കോട് പി ഒ | 278.13 ച. മീ വീട് | 668+ LC 34 | (278.13x3)- 20% ത്രി. മേ |
| 7 | 292/15-16 | മഹ്റൂഫ് തടത്തിൽ ചെറുവാടി | 277.22 ച. മീ | 666+ LC 34 | (277.22x3)- 20% ത്രി. മേ |
| 8 | 284/16-17 | ഉസൈൻ ടി പി തെക്കേത്തൊടിക ചെറുവാടി | 262.90 ച. മീ | 631+ LC 32 | (262.90x3)- 20% ത്രി. മേ |

മുകളിൽ പറഞ്ഞവയൊക്കെ ചട്ടം 6 പട്ടിക 6 ൽ ഉൾപ്പെട്ട തറയാണോ ഈ കെട്ടിടങ്ങൾക്കെന്ന് വ്യക്തമാക്കിയിട്ടില്ല. അതിനാൽ ഈ ഇനത്തിൽ ലഭിക്കാവുന്ന വസ്തുനികുതി വർദ്ധനവ് ലഭിച്ചിട്ടില്ല.

II) സ. ഉ (പി) നം 88/2013 തസ്വഭവ തി. 14.3.2013 പട്ടിക 2 പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗം ഉള്ള കെട്ടിടത്തിലേക്ക് വസ്തുനികുതി കണക്കാക്കുമ്പോൾ അടിസ്ഥാന വസ്തുനികുതിയിൽ നിന്ന് 20 % വർദ്ധനവ് വരുത്താവുന്നതാണ്. എന്നാൽ സ്പെസിഫിക്കേഷൻ റിപ്പോർട്ടിൽ ഇത്തരം രേഖപ്പെടുത്തലുകൾ നടത്താത്തതിനാൽ ഈ ഇനത്തിലുള്ള നികുതി വർദ്ധനവ് ലഭിക്കുന്നില്ല.

III) സേവന ഉപനികുതി ചുമത്തൽ

സ. ഉ (അ) നമ്പർ 20/2011 തസ്വഭവ. തി. 14.1.2011 ചട്ടം 26 പ്രകാരം- ഒരു പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207 ാം വകുപ്പ് (1) ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥരിൽ നിന്ന് പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകളും ഡ്രെയിനേജും, എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ (ചട്ടം 27 ൽ നിരക്ക് വ്യക്തമാക്കിയിട്ടുണ്ട്.) സേവന ഉപനികുതി ചുമത്താവുന്നതാണ്. എന്നാൽ പൊതുവെ തനത് ഫണ്ട് കുറവായ പഞ്ചായത്ത് ഇത്തരത്തിൽ തീരുമാനം എടുത്തിട്ടില്ല.

IV ) വസ്തുനികുതിയിൻമേലുള്ള സർചാർജ്.

ചട്ടം 31 പ്രകാരം പഞ്ചായത്തിന് ഏതെങ്കിലും പദ്ധതിക്കോ, പ്രൊജക്ടിനോ പ്ലാനിനോ വേണ്ടി അത് ചെലവാക്കിയിട്ടുള്ള ഏതെങ്കിലും അസാധാരണ ചെലവ് നികത്തുന്നതിന് സർചാർജ് ചുമത്തേണ്ടതാണെന്ന്

ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ചതിന് ശേഷം 203-)ാം വകുപ്പ് പ്രകാരം ചുമത്തിയിട്ടുള്ള വസ്തുനികുതിയിൻമേൽ 208-ാം സർചാർജ് ആ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിന്നോ അതിന്റെ ഏതെങ്കിലും നിർദ്ദിഷ്ട ഭാഗത്ത് നിന്നോ ഒരു നിശ്ചിത കാലത്തേക്ക് ഈടാക്കാവുന്നതാണ്.

നികുതി കണക്കാക്കിയത് ആവശ്യമെങ്കിൽ പുന:പരിശോധിച്ച് നികുതി നിർണ്ണയവും പിരിവും കുറ്റമറ്റ രീതിയിൽ നടപ്പാക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി. അപാകതകൾ- സംബന്ധിച്ച്

ഓഡിറ്റ് കാലയളവിലെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധവർഷിക വരുമാന പത്രികകൾ,സ്ഥാപന രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു

1. പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടേയും, കമ്പനികളുടേയും, തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥരായ വ്യക്തികളുടേയും പേരു വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധവർഷം തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിലും, പ്രസ്തുത ജീവനക്കാരെ രണ്ടാം അർദ്ധവർഷത്തിലെ തൊഴിൽനികുതി റിട്ടേണിൽ ഉൾപ്പെടുത്തുകയോ, ആയതിനുള്ള കാരണം വ്യക്തമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ പേര്/ തസ്തിക | ഒന്നാം അർദ്ധ വർഷത്തിൽ അടച്ച തൊഴിൽ നികുതി | റിമാർക്സ് |
|---|---|---|---|---|
| 1 | കൊടിയത്തൂർ കോ ഓപ്പറേറ്റീവ് അർബൻ സൊസൈറ്റി | സുരേന്ദ്രൻ.കെ (സെക്രട്ടറി)<br>കൃഷ്ണകുമാരി.ടി (സീനിയർ ക്ലർക്ക്)<br>ഫമീന.കെ.സി (ജൂനിയർ ക്ലർക്ക്)<br>പ്രബിത. കെ (ജൂനിയർ ക്ലർക്ക്)<br>രാജീവ്. സി (അറ്റന്റന്റ്) | 6250/-രൂപ (1250x5=6250/-) (രശീതിനം1894/17.08.2016) | രണ്ടാം അർദ്ധ വർഷത്തിലെ തൊഴിൽനികുതി റിട്ടേൺ സമർപ്പിക്കുകയോ, തൊഴിൽനികുതി അടക്കുകയോ ചെയ്തിട്ടില്ല. |
| 2 | വെറ്റിനറി ഡിസ്പൻസറി, പന്നിക്കോട് | വിലാസിനി.പി (പി ടി എസ്) | 450/-രൂപ (രശീതി നം 2077/23.08.16) | രണ്ടാം അർദ്ധ വർഷത്തിലെ തൊഴിൽനികുതി റിട്ടേണിൽ ഉൾപ്പെടുത്തുകയോ ആയതിനുള്ള കാരണം വ്യക്തമാക്കുകയോ |

| | | | | |
|---|---|---|---|---|
| | | | | ചെയ്തിട്ടില്ല. |
| 3 | ഗവ. ആയുർവ്വേദ ഡിസ്പൻസറി | മുംതാസ്. സി (ഫാർമസിസ്റ്റ്) | 1250/-രൂപ (രശീതി നം2154/31.8.16) | രണ്ടാം അർദ്ധ വർഷത്തിലെ തൊഴിൽനികുതി റിട്ടേണിൽ ഉൾപ്പെടുത്തുകയോ ആയതിനുള്ള കാരണം വ്യക്തമാക്കുകയോ ചെയ്തിട്ടില്ല. |
| 4 | കൃഷിഭവൻ, കൊടിയത്തൂർ | സാജിത് അഹമ്മദ് . കെ (കൃഷി ഓഫീസർ ) | 1250/-രൂപ (രശീതി നം.2469/19.9.16) | രണ്ടാം അർദ്ധവർഷത്തിലെ റിട്ടേണിൽ സാജിത് അഹമ്മദ് . കെ (കൃഷിഓഫീസർ) 4.11.16ന് ട്രാൻസ്ഫറായതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പകരം കൃഷി ഓഫീസറെ റിട്ടേണിൽ ഉൾപ്പെടുത്തുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല |

3. ഓഡിറ്റ് കാലയളവിലെ തൊഴിൽനികുതി സ്ഥാപനരജിസ്റ്ററിൽ ക്രമ നം 35 ആയി കള്ളുഷാപ്പ്, തോട്ടുമുക്കം (ടി.എസ്. നമ്പർ. 22) എന്ന സ്ഥാപനം ഉൾപ്പെട്ടിട്ടുണ്ട്. ഒന്നാം അർദ്ധവർഷത്തിലെ തൊഴിൽനികുതി റിട്ടേൺ പ്രകാരം ജീവനക്കാരുടെ തൊഴിൽനികുതിയായി 1080/-രൂപ (180x4+120x3= 1080/- രശീതി നം. 0269/27.9.16) അടച്ചിട്ടുണ്ട് , പ്രസ്തുത സ്ഥാപനത്തിൽ നിന്നും രണ്ടാം അർദ്ധവർഷത്തിലെ തൊഴിൽനികുതി റിട്ടേൺ വാങ്ങുകയോ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (നം.13) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്

## 2-4 പഞ്ചായത്ത് ഗ്രൗണ്ട്/സ്റ്റേഡിയം വാടകയ്ക്ക് നൽകൽ. അപാകതകൾ

പഞ്ചായത്തിന്റെ അധീനതയിലുള്ള കാരക്കുറ്റി മിനി സ്റ്റേഡിയം, ചെറുവാടി മിനി സ്റ്റേഡിയം മുതലായവ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു

1) വാടകയ്ക്ക് നൽകുമ്പോൾ ഈടാക്കേണ്ട ഫീസ് സംബന്ധിച്ച ഭരണസമിതി തീരുമാനം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) ഓഡിറ്റ് കാലയളവിൽ ലഭിച്ച മുഴുവൻ അപേക്ഷകളും രജിസ്റ്ററിൽ ചേർത്തിട്ടില്ല.

3) അപേക്ഷകളിന്മേൽ സ്വീകരിച്ച തീരുമാനം, ഈടാക്കിയ ഫീസ് എന്നിവയൊന്നും തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4)പി കെ സലീം, പാറക്കൽ, എന്നവരിൽ നിന്നും ലഭിച്ച അപേക്ഷ പ്രകാരം ചെറുവാടിവാട്ട്സ്അപ്പ് കൂട്ടായ്മയുടെ കീഴിൽ നടത്തുന്ന ഓണാഘോഷപരിപാടിക്കായി പഞ്ചായത്ത് ഗ്രൗണ്ട് 13.09.2016 ന് 1000/- രൂപ ഫീസ് ഈടാക്കി വിട്ടുനൽകുവാൻ 07.09.2016 ന് തീരുമാനിച്ചിട്ടുണ്ട്.

എന്നാൽ മേൽ സൂചിപ്പിച്ച ഫീസ് അടക്കാത്തതിനാൽ ഫീസ് അടിയന്തിരമായി അടക്കുന്നതിന് നോട്ടീസ് നൽകാൻ സെക്രട്ടറി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന്റെ തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

അപാകത പരാമർശിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (നം.12) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-5 വസ്തുനികുതി കുടിശ്ശിക കാലഹരണപ്പെടുന്നു.

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം ഉൾപ്പെടെ 9,48,488 രൂപ വിവിധ വർഷങ്ങളിലെ കുടിശ്ശികയായി ലഭിക്കാനുണ്ട്. 2016-17 വർഷത്തെ മൊത്തം വസ്തുനികുതി ഡിമാന്റ് 43,76,175 രൂപയാണ്. ഇതിൽ 26,00,249 രൂപ മാത്രമേ അടവായി ലഭിച്ചിട്ടുള്ളൂ. 2013- 14 വർഷം മുമ്പ് മുതൽ 2016-17 വരെയുള്ള വസ്തുനികുതി കുടിശ്ശികയായി ലഭിക്കാനുള്ള തുക താഴെ കൊടുക്കുന്നു.

| ക്രമ നം | വർഷം | തുക |
|---|---|---|
| 1 | 2013- 14 നു മുമ്പുള്ളവ | 76,146 |
| 2 | 2013-14 | 1,55,556 |
| 3 | 2014-15 | 1,62,541 |
| 4 | 2015-16 | 2,44,757 |
| 5 | 2016-17 | 3,09,488 |
| | Total | 9,48,488 |

കേരള പഞ്ചായത്ത് രാജ് 1994, വകുപ്പ് 243 (1) പഞ്ചായത്തിന് ലഭിക്കാനുള്ള ഏതെങ്കിലും നികുതിയോ ഈടാക്കാൻ, ഈ തുക ലഭിക്കാനുള്ള തിയ്യതി മുതൽ 3 വർഷത്തിനുള്ളിൽ ജപ്തി നടപടിയോ മറ്റോ തുടങ്ങിയിട്ടില്ലെങ്കിൽ ടി തുക ഈടാക്കാൻ നിയമ നടപടി സ്വീകരിക്കാൻ നിവൃത്തിയില്ല. വകുപ്പ് 243 (3) പ്രകാരം യഥാസമയം നടപടി സ്വീകരിക്കുന്നതിലുണ്ടായ വീഴ്ച മൂലം പഞ്ചായത്തിന് കിട്ടേണ്ടതായ ഏതെങ്കിലും നികുതിയോ മറ്റ് സംഖ്യയോ (1) ാം ഉപവകുപ്പ് മൂലം കാലഹരണപ്പെടുകയോ ചെയ്താൽ അതിന് ഉത്തരവാദികളായത് ഏതെങ്കിലും ഉദ്യോഗസ്ഥരുടേയോ വീഴ്ചമൂലമാണെന്ന് കാണുകയും ചെയ്താൽ അങ്ങനെ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12% പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ (മാരിൽ) നിന്നോ ഈടാക്കേണ്ടതാണ്.

ഇവിടെ 2,31,702 രൂപ (76146+ 155556)ഇത്തരത്തിൽ കാലഹരണപ്പെട്ടിട്ടുണ്ട്. ഇങ്ങനെ നികുതി കാലഹരണപ്പെടുവാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതും നഷ്ടപ്പെട്ട നികുതി പിരിച്ചെടുക്കുന്നതിനു സ്വീകരിച്ച നടപടികൾ വ്യക്തമാക്കേണ്ടതുമാണ്.

## 2-6 മത്സ്യമാർക്കറ്റ്: അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താത്തത്. സംബന്ധിച്ച്

പഞ്ചായത്തിന്റെ ലേലരജിസ്റ്റർ, ലേല ഡയറി എന്നിവ പ്രകാരം 27.03.2017 ൽ നടന്ന ലേലത്തിൽ പഞ്ചായത്തിന്റെ മത്സ്യമാർക്കറ്റ് 2017-18 വർഷത്തേക്ക് 43,300/- രൂപയ്ക്ക് ശ്രീ. ഷാഹിൽ. കെ കെ എന്നവർക്ക് നൽകിയിട്ടുണ്ട്. (ഭരണ സമിതി തീരുമാനം. 2(10) തി. 30.03.2017)

മത്സ്യ മാർക്കറ്റിൽ വെള്ളവും, വെളിച്ചവും, മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഇല്ലാത്തതിനാൽ പ്രസ്തുത ലേലത്തിൽ നിന്ന് ഒഴിവാക്കിത്തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. ഷാഹിൽ. കെ കെ 31.03.2017 ന് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ 24.04.2017 ന് പുനർലേലം നടത്തുകയുണ്ടായി. എന്നാൽ മത്സ്യമാർക്കറ്റിൽ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ലേലം വിളിച്ചെടുക്കാൻ ലേലത്തിൽ പങ്കെടുത്തവർ തയ്യാറാവാത്ത സാഹചര്യത്തിൽ ലേലം നിർത്തിവെച്ചതായി ലേല ഡയറിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പൊതുജനത്തിന് ഉപകാരപ്രദവും പഞ്ചായത്തിന് വരുമാനം ലഭിക്കുന്നതുമായ മത്സ്യമാർക്കറ്റിന്റെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.14) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി നൽകേണ്ടതാണ്

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കാർഷിക പ്രൊജക്ടുകൾ സമഗ്രമായി നടപ്പാക്കുന്നില്ല

2016-17 വർഷത്തെ കാർഷിക മേഖലയിലെ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിന് മുമ്പായി ആ വർഷത്തിന് ബാധകമായ പദ്ധതി മാർഗ്ഗരേഖ സ.ഉ (എം എസ്) 4/2016 തസ്വഭവ തി. 11.1.2016 അനുസരിച്ചായിരിക്കണം പ്രൊജക്ടുകൾ ഉണ്ടാക്കേണ്ടത്.

ഇതേ ഉത്തരവ് ഖ. 11. 1 പ്രകാരം താഴെ പറയുന്ന നിബന്ധനകൾ പാലിക്കണം-

1) സംയോജിത നീർത്തട പരിപാലന സമീപനം ഉണ്ടായിരിക്കണം.

2) ഭക്ഷ്യധാന്യങ്ങൾ, പഴം, പച്ചക്കറി, എന്നിവയുടെ ജൈവ കൃഷിക്ക് പ്രോത്സാഹനത്തിന് ഊന്നൽ നൽകണം. ജൈവമാലിന്യങ്ങൾ ജൈവവളമാക്കി ഉപയോഗിക്കുന്നതിനെ പ്രോത്സാഹിപ്പിക്കണം. ജൈവവളം, ജൈവ കീടനാശിനി എന്നിവയുടെ ഉത്പ്പാദനവും, ഉപയോഗവും, പ്രോത്സാഹിപ്പിക്കണം.

3) ഭക്ഷ്യവിളകളുടെ വിളവിസ്തൃതി വർദ്ധിപ്പിച്ചും, ഉത്പ്പാദന ക്ഷമത വർദ്ധിപ്പിച്ചും ഉത്പ്പാദന വർദ്ധനവ് സാദ്ധ്യമാക്കുന്ന നടപടികൾ സാദ്ധ്യമാക്കണം.

4) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടേയും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടേയും എല്ലാ സാദ്ധ്യതകളും ഉപയോഗപ്പെടുത്തിയായിരിക്കണം കാർഷിക മേഖലയുടെ സമഗ്രമായ പരിപാടിക്ക് രൂപം നൽകേണ്ടത്.

2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ഏറ്റെടുത്ത് നടത്തേണ്ട പ്രൊജക്ടുകൾ മേൽപ്പറഞ്ഞവ ഉൾക്കൊള്ളുന്ന തരത്തിലായിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ തൻവർഷം ഏറ്റെടുത്ത് നടത്തിയ പ്രൊജക്ടുകൾ താഴെ പറയുന്നു.

| ക്രമ നം | പ്രൊജക്ട് പേര്, നം. | വകയിരുത്തിയ തുക | ഫണ്ട് ഇനം | ചെലവഴിച്ചതുക | നീക്കിയിരിപ്പ് | കുറിപ്പുകൾ |
|---|---|---|---|---|---|---|
| 1 | സമഗ്ര നെൽകൃഷി വികസനം 165/17 | 1,00,000 | വികസന ഫണ്ട് | 60,450 | 39,550 | |
| 2 | വാഴക്ക് വളം 166/17 | 1,50,000 | വികസന ഫണ്ട് | 1,39,018 | 10,982 | |
| 3 | കവുങ്ങ് കൃഷി വികസനം 167/17 | 1,00,000 | വികസന ഫണ്ട് | 97,316 | 2,684 | |
| 4 | തെങ്ങിന് വളം 168/17 | 2,50,000 | വികസന ഫണ്ട് | 1,79,928 | 70,072 | |
| 5 | പച്ചക്കറി കൃഷി വനിത 169/17 | 3,01,953 | വികസന ഫണ്ട് | 3,01,953 | 0 | |

| | | | | | | |
|---|---|---|---|---|---|---|
| 6 | ഇടവിളക്കിറ്റ് 201/17 | 3,62,000 | വികസന ഫണ്ട് | 3,10,050 | 51950 | |
| | ആകെ | 12,63,953 | വികസന ഫണ്ട് | 10,88,715 | 1,75,238 | |

അപാകതകൾ ചുവടെ :-

1) ആറ് പ്രൊജക്ടുകൾ നടപ്പാക്കിയതിൽ നാലും രാസവളം വിതരണം ചെയ്യുന്ന പ്രൊജക്ടുകൾ മാത്രമായാണ് നടപ്പാക്കിയത്. പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയ പോലെ, നീർത്തടാധിഷ്ഠിതമോ, തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ചോ കാർഷിക വികസനത്തിനുതകുന്ന പ്രവൃത്തികൾ നടപ്പാക്കിയില്ല. പകരം, വിത്ത്, വളം എന്നിവ വിതരണം ചെയ്യുന്ന പ്രവൃത്തി മാത്രം ഏറ്റെടുത്ത് നടത്തി.

2) ജൈവവളം, ജൈവ കീടനാശിനി എന്നിവയുടെ ഉത്പ്പാദനവും, ഉപയോഗവും, പ്രോത്സാഹിപ്പിക്കണം എന്നാണ് നിർദ്ദേശിച്ചിരുന്നതെങ്കിലും, കൃഷി ഭൂമിയെ പ്രതികൂലമായി ബാധിക്കുന്ന രാസവളം മാത്രമായാണ് നൽകിയത്.

3) ഭക്ഷ്യവിളകളുടെ വിളവിസ്തൃതി വർദ്ധിപ്പിച്ചും, ഉത്പ്പാദന ക്ഷമത വർദ്ധിപ്പിച്ചും ഉത്പ്പാദന വർദ്ധനവ് സാദ്ധ്യമാക്കുന്ന നടപടികൾ സാദ്ധ്യമാക്കണം എന്ന് നിർദ്ദേശമുണ്ടായിട്ടും അത്തരത്തിൽ ചെയ്തതായി കാണുന്നില്ല.

സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി, സമഗ്രമായ പ്രൊജക്ടുകൾ തയ്യാറാക്കാതെ വെറും രാസ വളം വിതരണം ചെയ്യുന്ന പ്രൊജക്ടുകൾ മാത്രം തയ്യാറാക്കി നടപ്പാക്കിയതിന് വിശദീകരണം നൽകേണ്ടതും പദ്ധതി കാഴ്ചപ്പാടോടു കൂടിയും കുറ്റമറ്റ രീതിയിലും തയ്യാറാക്കേണ്ടതുമാണ്.

## 3-2 തുടി ഗ്രാമീണ കലാകേന്ദ്രത്തിലേയ്ക്ക് ചമയ സാധനങ്ങൾ വാങ്ങൽ പദ്ധതി- മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ ചെലവ്.

പ്രൊജക്ട് നം- എസ്.ഒ. 58 / 2016-17

ചെലവ് തുക - 11,142/- രൂപ

(വികസന ഫണ്ട് -എസ്.സി.പി)

ബിൽ നം.02/2016-17/ 24-3-2017)

ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്ടിൽ തുടി ഗ്രാമീണ കലാ കേന്ദ്രത്തിലേയ്ക്ക് 18 മുണ്ടും വേഷ്ടിയും വാങ്ങി നൽകിയിട്ടുണ്ട്. ക്വട്ടേഷൻ ക്ഷണിച്ച് ഉടയാട സൂപ്പർ മാർക്കറ്റിൽ നിന്നാണ് വസ്തുങ്ങൾ വാങ്ങിയിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരവും, ജി.ഒ.(എം.എസ്)4/2016/തസ്വഭവ/11-1-2016 നമ്പർ ഉത്തരവ് പ്രകാരം നടത്താൻ നിർദ്ദേശിച്ചിട്ടില്ലാത്ത കാര്യത്തിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. കൂടാതെ മേൽ ഉത്തരവ് പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിൽ ഖണ്ഡിക 3-9 പ്രകാരം വസ്തുങ്ങൾക്ക് സബ്സിഡി നൽകാൻ പാടില്ല എന്നു നിർദ്ദേശിക്കുന്നുണ്ട്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ചെലവ് തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-3 ഐ.കെ.എം ഇടപെടൽ ഇല്ലാതെ കെൽട്രോണിൽ നിന്ന് സെർവ്വർ വാങ്ങി, എ.എം.സി നൽകി- സർക്കാർ നിർദ്ദേശം പാലിച്ചില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള താഴെ പറയുന്ന പദ്ധതികളിൽ പഞ്ചായത്തിലേയ്ക്ക് കെൽട്രോണിൽ നിന്ന് ഒരു പുതിയ സെർവ്വർ വാങ്ങുകയും കമ്പ്യൂട്ടറിനും, സെർവ്വറിനും, യു.പി.എസിനും എ.എം.സി നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നമ്പർ | ഫണ്ട് | തുക |
|---|---|---|
| എസ്.ഒ..69/17<br>സെർവ്വർ വാങ്ങൽ | വികസന ഫണ്ട്<br>ബിൽ-21/20-03-17 | 160000 |
| എസ്.ഒ..179/17<br>എ.എം.സി നൽകൽ | തനത് ഫണ്ട്<br>ചെക്ക്.621688/30-01-17 | 47277 |

സ.ഉ.(എം.എസ്) 1278/2016/തസ്വഭവ/ 18-03-2016 നംമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ , ഇലക്ട്രോണിക്ക് അധിഷ്ഠിത ഉപകരണങ്ങളുടെ പർച്ചേസ്, സ്ഥാപിക്കൽ, റിപ്പയറിങ്ങ്, എ.എം.സി എന്നിവയ്ക്ക് ഐ.കെ.എം നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എ1/ 2160/16/16-07-16 നമ്പർ കത്ത് പ്രകാരം ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതിനായി ഐ.കെ.എം ന് സെക്രട്ടറി കത്തെഴുതിയെങ്കിലും ഇക്കാര്യത്തിൽ ഇടപെട്ടിട്ടില്ല. ഐ.കെ.എം എക്സി.ഡയക്ടർ 21-07-16 ന് ഇറക്കിയ സർക്കുലറിൽ (727/purchase&works/ikm ) സർക്കാരിൽ നിന്ന് സ്പഷ്ടീകരണം ലഭിച്ചിട്ടേ ഇക്കാര്യത്തിൽ തുടർ നടപടികൾ എടുക്കു എന്ന് അറിയിച്ചിട്ടുണ്ട്. ഐ.കെ.എം തയ്യാറാക്കി വിന്യസിച്ചിട്ടുള്ള സോഫ്റ്റ് വെയറുകളുടെ സഹായത്തോടെയാണ് പഞ്ചായത്തിലെ കമ്പ്യൂട്ടറൈസേഷൻ പ്രവർത്തികൾ നടത്തുന്നത് എന്നിരിക്കേ സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതിന് തുടർ നടപടികളൊന്നും സ്വീകരിയ്ക്കാതെ കെൽട്രോണിൽ നിന്ന് നേരിട്ട് വാങ്ങുകയാണ് ചെയ്തത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് തൃപ്തികരമായ മറുപടി ലഭിച്ചിട്ടില്ല.

## 3-4 ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന പദ്ധതികൾ നടപ്പിലാക്കുന്നില്ല

ആശ്രയ പദ്ധതി രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്തിൽ ദാരിദ്ര്യം നിർമാർജനം ചെയ്യുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്തിലെ ക്ലേശം അനുഭവിക്കുന്ന അഗതി കുടുംബങ്ങളെ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ള പദ്ധതിയിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് നാളിതുവരെ വീട് നിർമ്മിച്ച് നൽകിയിട്ടില്ല. വീശദാംശങ്ങൾ ചുവടെ ചേർക്കുന്നു

ഒന്നാം ഘട്ടം

1. സാബിറ നിലോലിപ്പിൽ (കിടപ്പ് രോഗി- വാർഡ് 3 )
2. വിഷ്ണു തെറ്റ പുറം (അച്ചനും അമ്മയും മരിച്ചു പോയ 3 കുട്ടികൾ മാത്രം വാടക വീട്ടിൽ താമസിക്കുന്നു. സ്ഥലവും, വീട്ടും ആവശ്യമുണ്ട്. പദ്ധതി തയ്യാറാക്കുന്നില്ല വാർഡ് -5 )
3. ആമിനക്കുട്ടി ചെരക്കാം പറമ്പിൽ (സ്ഥലവും, വീട്ടും ആവശ്യ മുണ്ട്. പദ്ധതി തയ്യാറാക്കുന്നില്ല വാർഡ് -7 )

രണ്ടാം ഘട്ടം

4. ഏലമ്മ അമ്പലപ്പറമ്പിൽ
5. മറിയുമ്മ കുന്താണിക്കാവ്

6.ആഞ്ചാത്തൻ കള്ളാടിക്കുന്ന് (ആനുകൂല്യം ലഭിയ്ക്കാതെ മരണപ്പെട്ടു)

കൂടാതെ ഒന്നാം ഘട്ട പദ്ധതിയിലെ 6 ഗുണഭോക്താക്കൾക്കും രണ്ടാം ഘട്ട പദ്ധതിയിലെ 19 ഗുണഭോക്താക്കൾക്കും വീട് റിപ്പയറിങ്ങ് ആവശ്യമുണ്ടായിട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയിട്ടില്ല .

പഞ്ചായത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന മേൽ ഗുണഭോക്താക്കൾക്ക് ഇതു വരെയും വീട് നിർമ്മിച്ചു നൽകാത്തത് ഗുരുതരമായ വീഴ്ചയാണ്. പ്രഥമ പരിഗണന നൽകേണ്ട ഈ വിഭാഗത്തെ ഉൾപ്പെടുത്താതെയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

## 3-5 ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുവാങ്ങൽ പദ്ധതി - മരുന്നുകൾ ലഭ്യമായില്ല

പ്രൊജക്റ്റ് നം- എസ്.ഒ.84 / 2016-17

അടങ്കൽ- 500000 രൂപ (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ബിൽ നംമ്പർ,തിയ്യതി 01/2016-17/ 12-01-2017

ഹോമിയോ മെഡിക്കൽ ഓഫീസറുടെ "ഹോമിയോ ആശുപത്രി യിലേക്ക് മരുന്നു വാങ്ങൽ " എന്ന പദ്ധതിയിൽ 5 ലക്ഷം രൂപയുടെ മരുന്നു ലഭിക്കുന്നതിനായി ഡി.ഡി നം.422364/12-01-17 പ്രകാരം തുക ഹോമിയോ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ മരുന്നുകളൊന്നും ലഭിച്ചിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-6 അഡ്വാൻസ് തുകകൾ തിരികെ ഈടാക്കിയില്ല

പഞ്ചായത്തിലെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2010-11 വർഷം മുതൽ ഓണം അഡ്വാൻസായി നൽകിയിട്ടുള്ള തുകകൾ നാളിതുവരെ തിരികെ ഈടാക്കുകയോ, ടി.എ അഡ്വാൻസ് തുക അഡ്ജസ്റ്റ് ചെയ്യുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തുക | റിമാർക്ക്സ് |
|---|---|---|
| 2010-11 | 6800 | ശ്രീമതി.ഷൈനി.പി യ്ക്ക് നൽകിയ ഓണാഡ്വാൻസ് തുക തിരികെ ഈടാക്കിയിട്ടില്ല. |
| 2010-11 | 4000 | ശ്രീ.രഘുനാഥ്, സെക്രട്ടറിയ്ക്ക് ടി.എ ഇനത്തിൽ നൽകിയ മുൻകൂർ തുക അഡ്ജസ്റ്റ് ചെയ്തിട്ടില്ല . |
| 2016-17 | 6000 | ശ്രീമതി.മേരീ ദാസൻ ,എച്ച്.സി യ്ക്ക് നൽകിയ ഓണാഡ്വാൻസ് തുക തിരികെ ഈടാക്കിയിട്ടില്ല. |
| ആകെ | 16800 | |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-7 പാലിയേറ്റീവ് പരിചരണം- കെ എം സി എല്ലിൽ നിന്ന് യഥാസമയം മരുന്ന് ലഭ്യമാവുന്നില്ല

പാലിയേറ്റീവ് പരിചരണം- പ്രൊജക്ട് നം. 87/17

ഈ പ്രൊജക്ടിൽ മരുന്നിന് വേണ്ടി 1,35,680 രൂപ (ബിൽ നം. 170852011901113/ 24.3.2017, Rs 2,55,594) കെ.എം.സി.എല്ലിന് കൈമാറിയിട്ടുണ്ട്. എന്നാൽ 15.6.2017 ന് 49,031 രൂപയുടെ മരുന്നേ ലഭിച്ചിട്ടുള്ളൂ. (Invoice no. 1070/ 15.6.2017). 86,649 രൂപയുടെ മരുന്ന് ഇനിയും ലഭിക്കാനുണ്ട്.

സമയബന്ധിതമായി മരുന്ന് ലഭിക്കാത്തതിന്റെ കാരണവും, ലഭിക്കാൻ സ്വീകരിച്ച നടപടിയും വ്യക്തമാക്കേണ്ടതാണ്. 86,649 രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു

## 3-8 മൃഗാശുപത്രിയ്ക്ക് ചുറ്റുമതിൽ നിർമ്മാണം ജില്ലാ പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ചില്ല

പഞ്ചായത്തിൽ 2013-14 വർഷത്തിൽ ജില്ലാപഞ്ചായത്തിൽ നിന്ന് മൃഗാശുപത്രിയ്ക്ക് ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി 375000 രൂപ ലഭിച്ചിട്ടുണ്ട്. ഈ തുക ചെലവഴിക്കാതെ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നമ്പർ | തിയ്യതി | തുക |
|---|---|---|
| 642895 | 31-03-14 | 3,37,500 |
| 642898 | 31-03-14 | 37,500 |
| ആകെ | | 3,75,000 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-9 വാട്ടർ ചാർജ് ബില്ലിലെ കുടിശ്ശിക തുക വ്യക്തത വരുത്തുന്നത് സംബന്ധിച്ച്

പഞ്ചായത്തിലെ വാട്ടർ ടാപ്പ് റജിസ്റ്റർ പ്രകാരം 2011 ൽ വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ 123 സ്ട്രീറ്റ് ടാപ്പുകളാണ് ഉള്ളത്. എന്നാൽ 2016 ഏപ്രിൽ മുതൽ 154 ടാപ്പുകളുടെ വെള്ളക്കരം ടാപ്പ് ഒന്നിന് വർഷത്തിൽ 5250 രൂപ കണക്കാക്കിയാണ് ജല അതോറിറ്റി ഡിമാന്റ് നോട്ടീസ് അയച്ചിട്ടുള്ളത്. പഞ്ചായത്ത് 123 ടാപ്പിന്റെ ചാർജ് മാത്രമേ അടവാക്കിയിട്ടുള്ളൂ.

എ1-2170/16 നമ്പർ കത്തിൽ നിരവധി തവണ അപാകത പരിഹരിയ്ക്കാൻ ആവശ്യപ്പെട്ട് കത്തെഴുതിയിട്ടും ജല അതോറിറ്റി 154 ടാപ്പുകൾ ഉണ്ട് എന്ന നിലപാടിൽ തന്നെ ഡിമാന്റ് നോട്ടീസുകൾ അയയ്ക്കുന്നുണ്ട്. തുടർന്ന് 21-10-16, 25-10-16, 27-10-16 എന്നീ തിയ്യതികളിൽ ജല അതോറിറ്റിയും പഞ്ചായത്തും സംയുക്ത പരിശോധന നടത്തി 133 ടാപ്പുകൾ ഉണ്ടെന്ന് തിട്ടപ്പെടുത്തുകയും നവംമ്പർ മാസം മുതൽ 133ടാപ്പുകളുടെ ചാർജുള്ള ഡിമാന്റ് നോട്ടീസ് ആണ് പഞ്ചായത്തിന് നൽകുന്നത് . എന്നാൽ വാട്ടർ അതോറിറ്റി ബില്ലിൽ കുടിശ്ശികയായിട്ടുള്ള തുക നിലവിലും അതേ രീതിയിൽ കുടിശ്ശികയായി ഡിമാന്റ് നോട്ടീസിൽ ഉൾപ്പെടുത്തുന്നുണ്ട്. 2017 മാർച്ചിൽ വന്ന ഡിമാന്റ് നോട്ടീസ് നം. 15799/7-3-17 പ്രകാരം 1,37,206 രൂപ മുൻബാക്കി അടയ്ക്കാനുള്ളതായും 2691 രൂപ പിഴ അടയ്ക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. ബില്ലിലെ അവ്യക്തത പരിഹരിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

## 3-10 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല

കേരള ഫിനാൻഷ്യൽ കോഡ് VOL-1 ആർട്ടിക്കിൾ 282 പ്രകാരം കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ അതാത് ഉടമസ്ഥൻ അവകാശപ്പെടാത്ത (unclaimed) ഡെപ്പോസിറ്റ് തുകകൾ ഗവ:ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്. പഞ്ചായത്തിലെ ഡെപ്പോസിറ്റ് റജിസ്റ്റർ പരിശോധിച്ചതിൽ 2002-03 വർഷം മുതൽ 2012-13 വർഷം വരെയുള്ള കാലയളവിൽ ഉള്ള ഡെപ്പോസിറ്റ് തുക 74,610/ രൂപ അവകാശപ്പെടാതെയും പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാതെയും അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2002-03 | 6257 |
| 2003-04 | 2375 |
| 2004-05 | 7225 |
| 2005-06 | 6625 |
| 2006-07 | 33031 |
| 2007-08 | 8640 |
| 2008-09 | 207 |
| 2011-12 | 4000 |
| 2012-13 | 6250 |
| ആകെ | 74,610 |

EMD, FD തുടങ്ങിയവ ഉൾപ്പെടുന്ന ലാപ്സായ മേൽ തുകകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-11 ഫണ്ട് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന തെരുവു നായ്ക്കൾ (എ.ബി.സി പ്രോഗ്രാം) എന്ന പദ്ധതിയ്ക്കായി ഗ്രാമ പഞ്ചായത്ത് വിഹിതം നൽകുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി എസ്.ഒ. 76/17 എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 200000 രൂപ വികസന ഫണ്ടിൽ നിന്ന് പിൻവലിച്ച് (ബിൽ. 17/13-3-17) ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. ജില്ലാപഞ്ചായത്ത് തുക കൈപ്പറ്റിയതിന്റെ രശീതിയോ വിനിയോഗ സാക്ഷ്യ പത്രമോ ഹാജരാക്കിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-12 പാലിന് സബ്സിഡി നൽകൽ പദ്ധതി - സബ്സിഡി തുക ക്ഷീര കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നത് സംബന്ധിച്ച്.

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.-03/2016-17. 20-07-2017

പ്രൊജക്ട് നം - എസ്.ഒ. 172/17

ചെലവ് - 4,60,000

( 100000-ഗ്രാമപഞ്ചായത്ത് വികസനഫണ്ട്ബിൽ നം. 1/16-17/31-03-17

3,60,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെക്ക് നം. 3351241//28-03-17)

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഡയറി ഫാം ഇൻസ്ട്രക്ടർ

ചെലവ് തുക ക്ഷീര കർഷകർക്ക് ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നതിനായി ഡയറി ഫാം ഇൻസ്ട്രക്ടർ ക്ഷീര സംഘങ്ങൾക്ക് താഴെ കാണിച്ച പ്രകാരം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷീര സംഘത്തിന്റെ പേര് | നൽകിയ തുക |
|---|---|
| തോട്ടു മുക്കം ക്ഷീര സഹകരണ സംഘം | 232000 |
| പന്നിക്കോട് ക്ഷീര സഹകരണ സംഘം | 106500 |
| ചെറുവാടി ക്ഷീര സഹകരണ സംഘം | 70500 |
| മുക്കം ക്ഷീര സഹകരണ സംഘം | 51000 |
| | 460000 |

മേൽ തുകകൾ കർഷകരുടെ അക്കൗണ്ടിലേയ്ക്ക് മാറിയത് പരിശോധിച്ചതിൽ പന്നിക്കോട് ക്ഷീര സഹകരണ സംഘംത്തിലെ ചില ക്ഷീര കർഷകരുടെ അക്കൗണ്ടിലേയ്ക്ക് തുക മാറിയിട്ടില്ല. മുക്കം ക്ഷീര സംഘത്തിന്റെ സബ്സിഡി തുക സംഘത്തിന് ലഭിച്ച തിന്റെയും, കർഷകരുടെ അക്കൗണ്ടിലേയ്ക്ക് തുക ലഭിച്ചതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല. അപാകതകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷീര സംഘത്തിന്റെ പേര് | ഗുണഭോക്താവിന്റെ പേര് | തുക |
|---|---|---|
| പന്നിക്കോട് ക്ഷീര സഹകരണ സംഘം അമ്പലപ്പാട് 195071 | യൂസഫ്. പി | 2029 |
| | ബിയ്യാതിയ | 3057 |
| | മൊയ്തീൻ.കെ | 3021 |
| | മറിയുമ്മ | 806 |
| | സഫിയ | 1923 |
| | മുഹമ്മദ് കുട്ടി | 2636 |
| | ഫാത്തിമ്മ | 2014 |
| | അബ്ദുൾ ബാർ | 1366 |
| | ഗോപാലൻ | 426 |
| | തങ്കം ടി.പി | 2589 |
| | അബ്ദുൾ സലാം.സി | 2919 |

| | | |
|---|---|---|
| | മുഹമ്മദ്.എം | 933 |
| മുക്കം ക്ഷീര സഹകരണ സംഘം | സബ്സിഡി തുക സംഘത്തിന് ലഭിച്ചതിന്റെയും, കർഷകരുടെ അക്കൗണ്ടിലേയ്ക്ക് തുക ലഭിച്ചതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല | 51000 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 27.03.2017 | 58900 | ശാരീരിക മാനസിക വെല്ലുവിളി - സ്കോളർഷിപ്പ് | 58900 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 28.03.2017 | 360000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസന്റീവ് | 360000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (തൻ വർഷം) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | | ഇല്ല | 3321075 | 589567 | – | 2731508 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1012973 |
| തൻവർഷം നിക്ഷേപിച്ച തുക | 111372 |
| ആകെ | 1124345 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1124345 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഇൻവെസ്റ്റ്മെന്റ്- ഇക്വിറ്റി ഷെയർ (മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ) | 500 |
| ഇൻവെസ്റ്റ്മെന്റ്- ഫിക്സ്ഡ് ഡെപ്പോസിറ്റ് (കാരശ്ശേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്) | 1123845 |
| ആകെ | 1124345 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 70380/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-12,2012-13, 2013-14,2014-15 | ഖ. 2-4 ഖ. 2-1 | 12500 | അപ്പക്സ് പബ്ലിക് സ്കൂൾ | 11601102157/31.08.2016 |
| 2015-16 | ഖ. 2-3 | 57280 | പോബ്സ് റോക്ക് പ്രൊഡക്റ്റ് | 1160150014/ 31.08.2016 |
| 2008-09 | ഖ. 2-8 | 600 | പി കെ പ്രദീപ് കുമാർ(സെക്രട്ടറി) | 11601104746/ 31.08.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-

വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1998-99 | | 2000-01 | 11(2) | മണൽ ലേലത്തുക ഇളവുചെയ്യൽ ചട്ടവിരുദ്ധം |
| 2000-01 | 37 | 2003-04 | 5(8) | മൈത്രി ഭവന പദ്ധതി ഉത്തരവാദിത്തം നിറവേറ്റിയില്ല. |
| 2000-01 | 25,29(എ) | 2003-04 | 7(12) | നികുതിപിരിവിൽ അലംഭാവം വൻതുക കാലഹരണപ്പെട്ടു. |
| 2001-02 | | 2005-06 | 70(7),(3) | മണൽ വിൽപന ആർ.എം.എഫിന് ഔദ്യോഗിക രശീതിയില്ല. |
| 2001-02 | 3-11<br>3-12<br>3-13 | 2005-06 | 70(8),(9) | പെൻഷൻ,വേതനം അപാകതകൾ |
| 2002-03 | 3(5) | 2006-07 | 3-79.5 | വാട്ടർ ചാർജ് ഇനത്തിൽ വസ്തുകൈമാറ്റത്തീരുവയിൽ നിന്നും തുക തട്ടിക്കിഴിച്ച് വാട്ടർ അതോറിറ്റിക്ക് നൽകിയത് |
| 2002-03 | 3(9) | 2006-07 | 3-79.6 | മണൽ വിൽപന ആർ.എം.എഫിന് കാഷ് രശീതി നൽകുന്നില്ല. |
| 2002-03 | 3(8) | 2006-07 | 3-79.17 | മുൻകൂർ കൈപ്പറ്റി നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. |
| 2002-03 | 3(9)<br>3(10) | 2006-07 | 3-79.18 | ആരംഭിച്ച പദ്ധതി പൂർത്തിയാക്കിയിട്ടില്ല. |
| 2002-03 | 3-3(എ) | 2006-07 | 3-79.19(10) | മരാമത്ത് പ്രവൃത്തികൾ അധികനിരക്ക് നൽകി. |
| 2002-03 | 3-3(ബി) | 2006-07 | 3-79.19(10) | -ടി- |
| 2002-03 | 3-3(4) | 2006-07 | 3-79.19(10) | കിളച്ചെടുത്ത മണ്ണ് ഫില്ലിംഗിന് |

| | | | | |
|---|---|---|---|---|
| | | | | ഉപയോഗിച്ചില്ല. |
| 2002-03 | 3-3(4) | 2006-07 | 3-79.19(10) | ആവശ്യത്തിലധികം മെറ്റൽ സ്റ്റോക്ക് ചെയ്ത് വില നൽകി. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(ACR പ്രകാരം) | 39232933 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 35841788 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 11142/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 786649/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 11142/-(ACR പ്രകാരം) | സാജിദ് അഹമ്മദ്<br>ഹെഡ്മാസ്റ്റർ,<br>ജി യു പി സ്കൂൾ<br>തോട്ടുമുക്കം |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 500000/- | ഡോ. എൻ. സുക, മെഡിക്കൽ ഓഫീസർ<br>ഗവ ഹോമിയോ ഡിസ്പെൻസറി |
| 3-7 | 86649/- | ഡോ. നൗഷാദ്. യു. പി,മെഡിക്കൽ ഓഫീസർ<br>പി എച്ച് സി കൊടിയത്തൂർ |
| 3-11 | 200000/- | പി പി രാജൻ,സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ(ACR പ്രകാരം)) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സാജിദ് അഹമ്മദ്<br>ഹെഡ്മാസ്റ്റർ,<br>ജി യു പി സ്കൂൾ<br>തോട്ടുമുക്കം | ഹെഡ്മാസ്റ്റർ,ജി യു പി സ്കൂൾ, തോട്ടുമുക്കം | ഇരുൾ കുന്നമ്മൽ (വീട്)<br>മലയമ്മ. പി. ഒ<br>കോഴിക്കോട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ (ACR പ്രകാരം)

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1990-91,91-92 | എൽ.എഫ്.കെ.കെ.ഡി.പി3/1962/ 12(3)/7.2.13 | 3 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി3/1962/ 12(5)/7.2.13 | 3 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.പി3/1962/ 12(6)/7.2.13 | 2 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി3/1545/ 09/17.4.10 | 14 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.എസ്2/890/05/20.9.05 | 7(ACR പ്രകാരം) |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി3/1545/ 09/17.4.10 | 9 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി3/1545/ 09/22.5.10 | 18 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി3/1545/ 09/22.5.10 | 15(ACR പ്രകാരം) |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി3/1545/ 09/22.5.10 | 17 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി3/2409/ 09/7.5.09 | 16(ACR പ്രകാരം) |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി3/1508/ 09/2.1.10 | 23 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി3/724/ 10/12.6.12 | 31 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി3/475/ 14/19.5.14 | 43 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി3/13.11.13 | 12 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി3/1149/ 13/11.13.13 | 17 |

| | | |
|---|---|---|
| 2011-12,2012-13 | എൽ.എഫ്.കെ.കെ.ഡി.പി3/132/ 15/9.3.15 | 27 |
| 2013-14,2014-15 | എൽ.എഫ്.കെ.കെ.ഡി.പി3/781/ 16/20.5.16 | 25 |
| 2015-16 | കെ. എസ്. എ. എം .എൽ. ഡി. പി3/2155 /2016/19.12.2016 | 25 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.കെ.കെ.ഡി/പി 3/1562 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012
തീയതി- 15.08.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215- ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട്.

No. KSA.KKD/P 3/1562 /2017

Kerala State Audit Department

District Audit Office, Kozhikode

Phone 0495 2371012

E-mail – dokkd.ksad@kerala.gov.in

Dated 18.08.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kodiyathur Grama Panchayat for the year ended on 31-3-2017 in Kozhikode District in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Kodiyathur Grama Panchayat for the year 2016-17 except this observations in my audit report properly presents the picture of income and expenditure.

Deputy DIRECTOR

District Audit Office, Kozhikode.